പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2079. 19-06-2012 ന് മറുപടിയ്ക്ക്

## ആനയിടഞ്ഞുള്ള മരണവും ധനസഹായവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) ആനകൾക്കെതിരെ വർദ്ധിച്ച് വരുന്ന പീഡനം തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | എ) ആനകൾക്കെതിരെ വർദ്ധിച്ച് വരുന്ന പീഡനം തടയുവാനായി 2003 ലെ നാട്ടാന പരിപാലന ചട്ടങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം തന്നെ നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ ആനയുടെ സുരക്ഷയ്ക്കുവേണ്ടി പാലിക്കേണ്ട നിബന്ധനകൾ സർക്കാർ ഉത്തരവ് (പി) നമ്പർ 03/2012/വനം തീയതി 21.1.2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് ലംഘിക്കപ്പെടാതിരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം തന്നെ 2003 ലെ നാട്ടാന പരിപാലന നിയമം കൂടുതൽ കർശനമാക്കുന്നതിനും ആനകളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും വേണ്ടി പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആനയിടഞ്ഞ് എത്ര പേർ മരിക്കുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | ബി) ആകെ 5 പേർ മരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ 2 പേരും തൃശ്ശൂർ ജില്ലയിൽ 3 പേരും ആണ് മരിച്ചത്. |
| സി) ഇപ്രകാരം മരിച്ചവരിൽ പാപ്പാൻമാർ എത്രയാണ് ; ഇത്തരത്തിൽ മരിക്കാൻ ഇടയായവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചുവോ ; എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത് ; വ്യക്തമാക്കാമോ ; | സി) 2 പാപ്പാൻമാർ മരിച്ചു. കൊല്ലം ജില്ലയിൽ -1, തൃശ്ശൂർ ജില്ലയിൽ - 1. വനം വകുപ്പിൽ നിന്നും, മരിച്ച പാപ്പാന്മാരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. നാട്ടാനകളുടെ ആക്രമണം നിമിത്തം അത്യാഹിതം സംഭവിക്കുന്ന പക്ഷം ആനയുടമസ്ഥനോ / ഇൻഷ്വറൻസ് കമ്പനികളോ ആണ് നഷ്ടപരിഹാരം നൽകുന്നത്. |
| ഡി) നിലവിൽ എത്ര നാട്ടാനയും എത്ര കാട്ടാനയും ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ? | ഡി) വനം വകുപ്പിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 702 നാട്ടാനകളും 2010 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 6026 കാട്ടാനകളുമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ